LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. അബൂബേക്കർ : മലമൂത്ര വിസർജ്ജനത്തിനു വിട്ടതായി രേഖയുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഈ സംപ്രദായം എന്നാണു തുടങ്ങിയിട്ടുള്ളതെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇതു പണ്ടേയുള്ള സംപ്രദായമാണു്. ഒരു പ്രതിയെ ലോക്കപ്പിൽ അടച്ചാൽ ആ പ്രതിയെ പുറത്തേക്കു് വിടണമെങ്കിൽ മാർക്കു ചെയ്യണം. ശ്രീ. അബൂബേക്കർ ലോക്കപ്പിൽ പോയിട്ടില്ലാത്തതു കൊണ്ടാണു് അറിഞ്ഞുകൂടാത്തതെന്നു ഞാൻ കരുതുന്നു. ഇങ്ങനെ പുറത്തേക്കു വിടുന്നതിനു 'ചീക്ക്' എന്നാണു പറയുന്നതു്. അങ്ങനെ പുറത്തേയ്ക്കു ഇറക്കുമ്പോഴും തിരിയെ ലോക്കപ്പിൽ കയറുമ്പോഴും മാർക്കു ചെയ്യും. ഇതു പണ്ടേ ഉള്ള സംപ്രദായമാണു്. അതു മാറിയിട്ടുള്ളതായും അറിയുന്നില്ല.

ശ്രീ. കെ. കെ. അബു : പോലീസിൽനിന്നും ഔദ്യോഗികമായി കിട്ടിയ റിപ്പോർട്ടു് ശരിയല്ല. ഇതു് എനിക്കു് നേരിട്ടറിയാവുന്നതാണു്. അവിടെ ശരിക്കും സംഭവിച്ച കാര്യങ്ങളാണു് ശ്രീ. അബൂബേക്കർ സഭയുടെ മുൻപാകെ വച്ചിട്ടുള്ളതു്. മാതൃഭൂമി മാനേജ്മെൻറിനെ സംബന്ധിച്ചിടത്തോളം എട്ടു ലക്ഷത്തോളം രൂപയുടെ ബാദ്ധ്യതയുണ്ടാകുന്ന പ്രശ്നങ്ങളും ഇതിൽ അന്തർഭവിച്ചിട്ടുണ്ടു്. ശ്രീ. പണിക്കർ അസോസിയേഷൻ പ്രസിഡൻറാണു്. അതുകൊണ്ടു് മാതൃഭൂമി മാനേജുമെൻറിൻെറ സ്വാധീനം പോലീസിൽ ഉപയോഗിച്ചാണു് ഇതൊക്കെ സംഭവിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഇക്കാര്യം വളരെ വിപുലമായി അന്വേഷിക്കണം.

ശ്രീമതി കെ. ആർ. ഗൗരി : ഇതെല്ലാം എന്നോടു വന്നു പറഞ്ഞിരുന്നു. മാതൃഭൂമിയിൽനിന്നും സസ്പെൻറു ചെയ്തു എന്നാണെഴുതിയിരിക്കുന്നതു്. മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നതു് ശ്രീ. കോഴിപ്പുറത്തു മാധവമേനോൻെറ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിലാണു് ഇങ്ങനെ ചെയ്തിട്ടുള്ളതെന്നാണു്. ഏതായാലും പോലീസുദ്യോഗസ്ഥൻമാരല്ലാത്ത മറ്റുദ്യോഗസ്ഥൻമാരെ ആരെയെങ്കിലും കൊണ്ടു് ഇക്കാര്യം അന്വേഷിപ്പിക്കുന്നതായിരിക്കും.

ഡെപ്യൂട്ടി സ്പീക്കർ : ട്രാക്ടർ ഉപയോഗിച്ചു തൻെറ കൃഷിസ്ഥലം ഉഴുതതിൽ പ്രതിഷേധിച്ചു് ചില ആളുകൾ തിരുവല്ലാ മതിൽഭാഗത്തു് ശ്രീ. കെ. പി. രവീന്ദ്രൻ നായരുടെ വീടു് തീവച്ചു നശിപ്പിച്ചതിനെത്തുടർന്നു് സ്ഥലത്തുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ. ജോൺ ജേക്കബു് റൂൾ 61 അനുസരിച്ചു് നോട്ടീസു് തന്നിട്ടുണ്ടു്. അതു് ബന്ധപ്പെട്ട മന്ത്രിക്കു് അയച്ചുകൊടുക്കുന്നതാണു്.

(ii) LATHI CHARGE ON THE STUDENTS AND PUBLIC OF PALLIPURAM

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, കഴിഞ്ഞദിവസം പള്ളിപ്പുറത്തു നടന്ന സംഭവത്തെപ്പറ്റി പറയാമെന്നു ഞാൻ പറഞ്ഞിരുന്നു. അവിടെ പോലീസു് മർദ്ദനം നടന്നിട്ടുണ്ടെന്നും അറസ്റ്റുചെയ്ത ആളുകൾക്കു് ആഹാരം കൊടുത്തിട്ടില്ലെന്നുമുള്ള രണ്ടു ചാർജുകളാണു് ഉണ്ടായിരുന്നതു്. ഇതിനെ സംബന്ധിച്ചിടത്തോളം അന്വേഷിച്ചതിൽ രണ്ടു പ്രാവശ്യമായിട്ടാണു് അറസ്റ്റു ചെയ്തിട്ടുള്ളതെന്നു മനസ്സിലാകുന്നു. ഒരു പ്രാവശ്യം 38 പേരെയും രണ്ടാമത്തെ പ്രാവശ്യം 14 പേരെയുമാണു്

[ശ്രീമതി കെ. ആർ. ഗൗരി]

അറസ്റ്റു ചെയ്തിട്ടുള്ളത്. ആദ്യപ്രാവശ്യം അറസ്റ്റു ചെയ്തിട്ടുള്ള ആളുകളെ മംഗലാപുരം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. (10.45-ന് ആണ് അറസ്റ്റു ചെയ്തത്). ഉടനെ ചോറു കൊടുക്കാൻ നിവൃത്തിയില്ലാതിരുന്നതുകൊണ്ട് ഇവർക്ക് ഏത്തപ്പഴം, ചായ മുതലായവ കൊടുക്കുകയും വൈകുന്നേരം ഊണു കൊടുത്തു എന്നാണ് എഴുതിയിരിക്കുന്നത്. പിന്നെ അവർക്ക് ഊണു കൊടുക്കുകയും അതിനുശേഷം അവരെ വർക്കല പോലീസ് സ്റ്റേഷനിലേയ്ക്കു മാറ്റുകയും പിറ്റെ ദിവസം രാവിലെ അവിടെവച്ച് കാപ്പി കൊടുക്കുകയും ചെയ്തതിനു ശേഷമാണ് അവർക്കു ജാമ്യം കൊടുത്തിരിക്കുന്നതെന്നാണ് റിപ്പോർട്ട്. ആദ്യം അറസ്റ്റുചെയ്ത ആളുകൾക്ക് മൂന്നുനേരവും ആഹാരം കൊടുത്തിട്ടുണ്ട്. ആഹാരം കൊടുക്കാത്ത സംഭവം ഉണ്ടായിട്ടില്ല. ഇതു പ്രത്യേകമായി സംഭവവുമായി ബന്ധമില്ലാത്ത പോലീസുദ്യോഗസ്ഥൻ പോയി അന്വേഷിക്കണമെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അങ്ങനെ അന്വേഷിച്ചു അയച്ചിട്ടുള്ള റിപ്പോർട്ടാണ്.

അതുപോലെ രണ്ടാമത് അറസ്റ്റുചെയ്ത ആളുകൾക്ക് ഉച്ചയ്ക്ക് ആഹാരം കൊടുത്തിട്ടില്ലെന്നു പറയുന്നത് ശരിയാണ്. ഉച്ചയ്ക്ക് ഒരു മണിക്ക് ആണ് അറസ്റ്റുചെയ്തു കൊണ്ടുവന്നത്. അതുകൊണ്ട് ഉച്ചയ്ക്ക് ആഹാരം കൊടുക്കാൻ സാധിച്ചിട്ടില്ല. വൈകുന്നേരവും പിറ്റെ ദിവസവും ആഹാരം കൊടുത്തു. 38 പേരെ ബയിലിന് ഹാജരാക്കിയതിൽ മജിസ്ട്രേട്ടുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്, പോലീസ് സ്റ്റേഷനിൽ വച്ച് യാതൊരു ഇൽട്രീറ്റുമെന്റും ഉണ്ടായിട്ടില്ലെന്ന്. ഇതു മജിസ്ട്രേട്ടുതന്നെ രേഖപ്പെടുത്തിയിട്ടുള്ളതായാണ് ഇവിടെ അറിയിച്ചിരിക്കുന്നത്. ബാക്കി പതിനാലുപേരെയും യാതൊന്നും ചെയ്തിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ ആവശ്യമാണെങ്കിൽ മാതൃഭൂമി സംഭവത്തെപ്പറ്റി പറഞ്ഞതുപോലെ ഗവൺമെന്റ് ഓർഡർ വച്ചുകൊണ്ട് അന്വേഷിപ്പിക്കാനും ഗവൺമെന്റു തയ്യാറാണ്. ഇവരെ സംബന്ധിച്ചിടത്തോളം മർദ്ദനം നടന്നിട്ടുള്ളതായി യാതൊരു പരാതിയും ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ ഒരാളുടെ കണ്ണിനു മുകളിൽ മുറിവുണ്ടെന്നും അതു കല്ലേറുകൊണ്ട് ഉണ്ടായിട്ടുള്ളതാണെന്നുമാണ് റിപ്പോർട്ട്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : സർ, തൃശ്ശൂരിൽ അരിംപുഴ മുതലായ സ്ഥലങ്ങളിൽ മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരുടെ നേർക്ക് ചിലർ അഴിച്ചുവിട്ടിരിക്കുന്ന ആക്രമണങ്ങളെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി റൂൾ 61 അനുസരിച്ച് ഞാനും ശ്രീ. ആര്യനുംകൂടി ഒരു നോട്ടീസ് കൊടുത്തിരുന്നു. എന്നിട്ട് അതു കണ്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ : കൊടുത്തിട്ടുണ്ടെങ്കിൽ നോക്കാം.

ശ്രീ. എൻ. കെ. ശേഷൻ : കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ ഒരു അടിയന്തിരപ്രമേയം തന്നിരുന്നു. അതിന്റെ .....

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ നാളെ വരും. അപ്പോഴും പറയും.

ശ്രീ. പി. വി. അബ്രഹാം : സർ, എന്റെ റൂൾ 61 അനുസരിച്ചുള്ള ഒരു നോട്ടീസിന് ഇന്നു മറുപടി പറയാമെന്നു പറഞ്ഞിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ : ഏതു മന്ത്രിയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. അബ്രഹാം : അഗ്രിക്കൾച്ചർ മിനിസ്റ്ററോ, ഇറിഗേഷൻ മിനിസ്റ്ററോ ആണ്.

ഡെപ്യൂട്ടി സ്പീക്കർ : ഇൻഡസ്ട്രീസ് മിനിസ്റ്റർ അതിനു മറുപടി പറഞ്ഞില്ലേ ?

(iii) PROPOSED AGITATION BY THE AGRICULTURISTS OF MUVATTUPUZHA TO PROTEST AGAINST THE DELAY IN COMMISSIONING THE KAYANAD-MARADY LIFT IRRIGATION SCHEME

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്): സർ, കായനാട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തികൾ കൂടുതൽ വേഗത്തിൽ നടത്തുന്നതിന് ബന്ധപ്പെട്ട ചിലർ പ്രക്ഷോഭണം ആരംഭിച്ചിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടുള്ളതാണ് ആ നോട്ടീസ്. ആ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം മിക്കവാറും പൂർത്തിയാകാറായി. ഈ വർക്ക് സംഘ്ഷൻ ചെയ്തതിനുശേഷം എസ്റ്റിമേറ്റ് റിവൈസു ചെയ്യേണ്ടിവന്നു. ആദ്യത്തെ എസ്റ്റിമേറ്റിൽ രണ്ടു പമ്പു സെറ്റുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. രണ്ടു പമ്പുസെറ്റുകൊണ്ട് വേണ്ടത്ര ജലവിതരണം നടത്താൻ സാദ്ധ്യമല്ലെന്നു കണ്ടതുകൊണ്ട് നാലു പമ്പുസെറ്റാക്കുന്നതിനുവേണ്ടി പുതിയ ഷെഡ്യൂൾ അനുസരിച്ച് റേറ്റ് റിവൈസു ചെയ്യേണ്ടിവന്നു. ആ കാലതാമസം അതിന്റെ പ്രവർത്തനത്തെ അൽപം ഒന്നു വിഷമിപ്പിച്ചിട്ടുണ്ട്. ഇന്നത്തെ സ്ഥിതിയിൽ പരിശോധിച്ചാൽ വടക്കേ മാറാടി ബ്രാഞ്ചിൽമാത്രമേ പ്രവൃത്തി തീരാൻ അൽപം ബാക്കിയുള്ളു. സിവിൽ വർക്ക് പൂർത്തിയായി. വിദ്യുച്ഛക്തിയുടെ കാര്യത്തിൽ ചില ക്രമക്കേടുകൾ ഉണ്ടായി എന്നു ശ്രദ്ധയിൽപെടുത്തിയതിന്റെ ഫലമായി അതിനെപ്പറ്റി അന്വേഷിക്കുകയും അതു പൂർത്തിയാക്കാൻ ആവശ്യമായ നിർദ്ദേശം കൊടുക്കുകയും ചെയ്തു. ഇപ്പോൾ വിദ്യുച്ഛക്തിയുടെ കാര്യത്തിലാണെങ്കിൽ മിക്കവാറും പണി പൂർത്തിയായി കഴിഞ്ഞിരിക്കുന്നു.

കായനാടിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ട്രാൻസ്ഫാമർ ഇരിക്കുന്നത് മൂവാറ്റുപുഴയാണ്. അവിടെനിന്നും കണക്ഷൻ ഇങ്ങോട്ടു കൊണ്ടുവരുന്നതിന് തപാൽ ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ആവശ്യമാണ്. അതിനുള്ള കാലതാമസമാണ് വന്നിട്ടുള്ളത്. അവരുടെ കമ്പിയുടെ മേലേകൂടി വയർ കൊണ്ടുവരേണ്ടതുള്ളതുകൊണ്ട് അവരുടെ അനുവാദം ആവശ്യമാണ്. അതു കിട്ടിക്കഴിഞ്ഞാൽ അവിടെയും വിദ്യുച്ഛക്തി നൽകുന്നതാണ്. ഏതായിരുന്നാലും ഒരു മാസത്തിനകം ഇതിന്റെ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുന്നതാണെന്ന് ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly